**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *72 — **25.01.2018**-ലെ മറുപടിക്ക്

**'അംബേദ്കർ ഗ്രാമം' പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച 'അംബേദ്കർ ഗ്രാമം' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതി പ്രകാരം ഏതു രീതിയിലുള്ള പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതി പ്രകാരം താഴെ പറയുന്ന രീതിയിലുള്ള പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം |

| | | | |
|---|---|---|---|
| | | | 14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ് കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (സി) | ആവാസകേന്ദ്ര നവീകരണത്തോടൊപ്പം വരുമാനദായക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്നും എത്ര തുക വരെ ചെലവഴിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ; | (സി) | വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ് കരകൗശലം മുതലായവ വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതികളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു കോളനിയ്ക്ക് ഒരു കോടി രൂപ വീതം അനുവദിക്കുന്നതിൽ മേഖല തിരിച്ച് തുക ചെലവഴിക്കുന്നതിന് പ്രത്യേക തുക പരിധി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ; സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോയെന്ന് അവലോകനം നടത്താറുണ്ടോ; വിശദവിവരം നൽകുമോ? | (ഡി) | പദ്ധതി നിർവ്വഹണം അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെക്കൊണ്ട് ചെയ്യിക്കേണ്ടതും, ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ പദ്ധതി ഏറ്റെടുക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ എം.എൽ.എ നിർദ്ദേശിക്കുന്നുവെങ്കിൽ അവയെയും നിർവ്വഹണ ഏജൻസികളായി നിയോഗിക്കാവുന്നതാണ്. താഴെ പറയുന്നവയാണ് അത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട നിർവ്വഹണ ഏജൻസികൾ<br>i. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br>ii. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം<br>iii. കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ<br>iv. കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>v. കേരള പോലീസ് ഹൗസിംഗ് & |

| | | | |
|---|---|---|---|
| | | | കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>vi. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>vii. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്<br>viii. കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ<br>ix. റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്<br>x. ഫോറസ്റ്റ് ഇൻഡസ്ട്രീസ്<br>xi. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്<br>196 കോളനികളുടെ പദ്ധതി നിർവ്വഹണത്തിന് 98 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും അതാത് ജില്ലകളിൽ മീറ്റിംഗ് നടത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്താകെ 249 കോളനികൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതും ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് മറ്റ് കോളനികൾക്ക് തുക അനുവദിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ